# കണ്ണൂർ സർവകലാശാല
# (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

**No. EG I.2/PR/2022** **കെ. യു എച്ച്. ക്യൂ, തീയതി: 10.05.2022**

## പ്രസിദ്ധീകരണത്തിന്

### ഗ്രേഡ് കാർഡുകൾ ലഭ്യമാകും

മെയ് 5 ന് ഫലം പ്രസിദ്ധീകരിച്ച **ഒന്നാം** സെമസ്റ്റർ **എം.എഡ്** (സി ബി സി എസ് എസ് –റെഗുലർ –നവംബർ 2020) പരീക്ഷയുടെ ഗ്രേഡ് കാർഡുകൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.
ഉത്തരക്കടലാസുകളുടെ പുനഃശോധന, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്ക് **20.05.2022** ന് വൈകുന്നേരം **5** മണി വരെ അപേക്ഷിക്കാവുന്നതാണ്.

### പുനർമൂല്യനിർണയ ഫലം

**ഒന്നാം** സെമസ്റ്റർ **ബിരുദ**പരീക്ഷകളുടെ (നവംബർ 2020) പുനർമൂല്യനിർണയ ഫലം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനർമൂല്യനിർണയം പൂർത്തിയായ ഫലങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പൂർണഫലപ്രഖ്യാപനം മൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ്. മാർക്ക് മാറ്റമുള്ള പക്ഷം റഗുലർ വിദ്യാർത്ഥികൾ ഒഴികെയുള്ളവർ അവരുടെ മാർക്ക് ലിസ്റ്റും, റിസൽട്ട് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും സഹിതം, മാർക്ക് ലിസ്റ്റ് പുതുക്കി ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

### പരീക്ഷകൾ

പഠനവകുപ്പുകളിലെ മാറ്റിവെച്ച **മൂന്നാം** സെമസ്റ്റർ ബിരുദാനന്തര ബിരുദ (നവംബർ 2021) പരീക്ഷകളും **മൂന്നാം** സെമസ്റ്റർ ബി. പി. എഡ് (നവംബർ 2021) പരീക്ഷകളും **മെയ് 25** ന് ആരംഭിക്കും.

### പരീക്ഷാഫലം

ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കംപ്യൂട്ടർ സയൻസ് വിത്ത് സ്പെഷലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് ന്യൂ ജനറേഷൻ

പ്രോഗ്രാമിൻറെ **ഒന്നാം** സെമസ്റ്റർ (ജൂലൈ 2021) പരീക്ഷകളുടെ ഫലം സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

ഉത്തരക്കടലാസ്സുകളുടെ പുനഃപരിശോധന, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്ക് **21.05.2022** ന് വൈകുന്നേരം **5** മണി വരെ അപേക്ഷിക്കാവുന്നതാണ്.

**ഒപ്പ്/-**
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാവിഭാഗം)**